# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 156 — 03.02.2020-ൽ മറുപടിക്ക്

## സംസ്ഥാനത്തെ മാവോയിസ്റ്റ് ഭീഷണി

| | ചോദ്യം<br><br>ശ്രീ.എ.പി. അനിൽ കുമാർ | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി വർദ്ധിച്ചുവരുന്നതായി വിലയിരുത്തുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ വടക്കൻ ജില്ലകളായ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ പോലീസ്-സർക്കാർ സംവിധാനങ്ങളുടെ സമയോചിത പ്രവർത്തന ഫലമായി മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നിയന്ത്രണ വിധേയമാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | മാവോയിസ്റ്റ് ഭീഷണിയിൽനിന്നും ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | 1. ആദിവാസി മേഖലയിലെ മാവോയിസ്റ്റുകളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി (യൂണിഫൈഡ് കമാന്റ്) രൂപീകരിച്ച അവലോകനം നടത്തി വരുന്നു.<br><br>2. കേരളത്തിൽ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നിലനിൽക്കുന്ന പാലക്കാട്, വയനാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിലെ മാവോയിസ്റ്റ് സാന്നിദ്ധ്യം, ആദിവാസി മേഖലകളിലെ വികസന പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാനതല സമിതി രൂപീകരിക്കുകയും അവലോകനം |

| | | | |
|---|---|---|---|
| | | | നടത്തി വരികയും ചെയ്യുന്നു.<br>3. മാവോയിസ്റ്റ് ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരെ അതിൽനിന്ന് പിന്തിരിപ്പിച്ച് സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി 'കീഴടങ്ങൽ പുനരധിവാസ പദ്ധതി' (Surrender cum Rehabilitation Policy) സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.<br>4. മാവോയിസ്റ്റു ഭീഷണി ഫലപ്രദമായി നേരിടുന്നതിനുതകുംവിധം പോലീസ് സേനയിലേക്ക് 75 പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിക്കുകയും പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം ആദിവാസി വിഭാഗങ്ങളിൽ നിന്ന് മാത്രം പ്രത്യേക നിയമനം നടത്തുകയും ചെയ്തിരുന്നു. ഇതിന്റെ രണ്ടാം ഘട്ടമെന്ന നിലയിൽ 125 പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>5.മാവോയിസ്റ്റ് ഭീഷണി തടയുന്നതിന് തണ്ടർ ബോൾട്ട്, ആന്റി നക്സൽ ഫോഴ്സ്, ലോക്കൽ പോലീസ് എന്നിവയുടെ നേതൃത്വത്തിൽ ശക്തമായ കോമ്പിംഗ് ഓപ്പറേഷൻ നടപ്പാക്കി വരുന്നു. കൂടാതെ മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കും അവരുടെ മേലുദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണിയുള്ള സ്ഥലങ്ങളിൽ ലോക്കൽ പോലീസ് ഉദ്യോഗസ്ഥരും പ്രത്യേക പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരും പട്രോളിംഗ് നടത്തി വരുന്നു.<br>6. മാവോയിസ്റ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | 7. ആദിവാസി മേഖലകളിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആദിവാസി യുവാക്കൾ മാവോയിസത്തിലേക്ക് ആകൃഷ്ടരാകാതിരിക്കാനായി സർക്കാർ ജോലികളിൽ നിയമനം ഉൾപ്പെടെ മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മാവോയിസ്റ്റുകളാണ് പോലീസുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടതെന്ന് വ്യക്തമാക്കുമോ; | (സി) | ഏഴ് |
| (ഡി) | മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടത് വ്യാജ ഏറ്റുമുട്ടലിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോയെന്നും ആയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (ഡി) | മാവോയിസ്റ്റുകളുടെ മരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണം ക്രൈംബ്രാഞ്ച് സമഗ്രമായി അന്വേഷിച്ചു വരുന്നു. കൂടാതെ മജിസ്ട്രേറ്റ്തല അന്വേഷണവും പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ഇ) | മാവോയിസ്റ്റുകളും സായുധപോലീസുമായുണ്ടായ ഏറ്റുമുട്ടലിൽ മാവോയിസ്റ്റുകൾ കൊല്ലപ്പെട്ട സംഭവത്തിൽ രാഷ്ട്രീയകക്ഷികളിൽ നിന്ന് എതിർപ്പ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (ഇ) | വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ